

In the Name of Allah, The Most Gracious, The Most Merciful

# FRIDAY SERMON

## Hazrat Amir'ul Momeneen Muhyi-ud-Din

### Munir Ahmad Azim

## 23 FEBRUARY 2007

## ARRIVAL OF A MUHYI-UD-DIN! FOR WHAT?

## മുഹ്‌യിദ്ദീൻന്റെ ആഗമനം എന്തിനു വേണ്ടി?

ഹസ്രത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) 2007 ഫെബ്രുവരി 23-ാം തീയതി വെള്ളിയാഴ്ച നടത്തിയ ജുംഅ്‌ ഖുത്തുബാ സംക്ഷിപ്തം

ജമാഅത്ത് അംഗങ്ങൾക്ക് സലാം ചൊല്ലി, തശ്ശഹ്ദ്, തഅവ്വുദ്, സൂറ ഫാത്തിഹ ഓതിയ ശേഷം ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) വിശുദ്ധഖുർആനിലെ 43-ാം അധ്യായമായ **സൂറ അസ്സുഖറൂഫ്**-ൽ നിന്നും 23-ാം സൂക്തവും, തുടർന്ന് 7-ഉം, 8-ഉം പാരായണം ചെയ്ത് അതിന്റെ വിവർത്തനം ചുവടെ കാണുംപ്രകാരമാകുന്നു:

ഇപ്രകാരം തന്നെ, നിനക്കു മുമ്പേ ഒരു നാട്ടിലും ഒരു മുന്നറിയിപ്പുകാരനേയും നാം അയച്ചിട്ടില്ല, അവിടുത്തെ സുഖലോലുപർ ഇങ്ങനെ പറഞ്ഞിട്ടല്ലാതെ, ഞങ്ങൾ ഞങ്ങളുടെ പിതാക്കളെ ഒരു മാർഗ്ഗത്തിൽ ചരിക്കുന്നതായി കണ്ടിട്ടുണ്ട്. ഞങ്ങൾ അവരുടെ കാല്പാടുകളെ പിന്തുടരുന്നവർ തന്നെയാണ്.

അല്ലാഹുവും അവന്റെ മലക്കുകളും ദൂതന്മാരെ അയക്കുമ്പോൾ അവർ മുന്നറിയിപ്പു നല്കുന്നവരായും, സുവാർത്ത അറിയിക്കുന്നവരും ആയാണ് വരിക എന്ന് അല്ലാഹു(ത) തിരുനബി(സ)യ്ക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നു. അല്ലാഹുവിന്റെ കല്പനകൾ പൂർണ്ണമായും മറന്നുകളഞ്ഞ ഒരു ജനതയിലേക്കാണ് അദ്ദേഹം നിയോഗിക്കപ്പെടുക. അവർ നേർമാർഗത്തിൽ നിന്നും വഴിപിഴച്ചു പോയവരുമായിരിക്കും. നമുക്ക് ആ സമൂഹത്തിൽ മനോഹരങ്ങളായ മോസ്ക്കുകളും, ആഢ്യത്തത്തോടെ വസ്ത്രങ്ങൾ ധരിച്ച തലപ്പാവ് (തൊപ്പി) ധരിച്ച ആളുകളെയും കാണാം. നിർഭാഗ്യവശാൽ അവരിതെല്ലാം ചെയ്യുന്നത് നിത്യജീവിത ക്രമത്തിന്റെ ഭാഗമെന്ന നിലയിലാണ്. വെള്ളിയാഴ്ച പള്ളിയിൽ ജുംഅ്‌യ്ക്ക് പോവുക. ഖുത്തുബ കേൾക്കുക നമസ്ക്കരിക്കുക തുട

ങ്ങിയവയൊക്കെ ഒരു കടമ എന്ന നിലയിൽ അവർ നിർവ്വഹിക്കുക യാണ്. നമസ്ക്കാരമൊക്കെ കഴിയുമ്പോൾ മതപരമായ കടമകൾ കഴി ഞ്ഞുകിട്ടിയല്ലോ എന്നൊരാശ്വാസത്തോടെയാണ് അവരുടെ മടക്കവും. പിന്നെ തങ്ങളുടെ ജോലിത്തിരക്കുകളിലേക്ക് മടങ്ങാനുള്ള വ്യഗ്രത യാണ് ഓരോരുത്തർക്കും. അവിടെ തങ്ങളുടെ ഐഹികമായ വ്യാപാ രങ്ങളിൽ അവർ തങ്ങളുടെ സമയത്തിന്റെ സിംഹഭാഗവും ചെലവഴി ക്കുന്നു. അവിടെ അവർ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തിക ളൊന്നും തന്നെ അവരുടെ ഹൃദയങ്ങളിൽ ഒരു ചലനവും സൃഷ്ടി ക്കുന്നില്ല. അതായത് അവർ ചെയ്യുന്ന പ്രവൃത്തികളിലൂടെ അവർക്ക് അല്ലാഹുവിൽ നിന്നുള്ള പ്രീതി ലഭിക്കുന്നില്ല.

ഈ ഒരവസ്ഥ അഭിമുഖീകരിക്കുമ്പോൾ നാം മനസ്സിലാക്കും, നാം ജീവിക്കുന്ന സമൂഹം പല നിലയിലും മാറിയിരിക്കുന്നു എന്നും, അവി ടെയുള്ള ഓരോ ആളിനും ഞാനാണ് മുമ്പൻ എന്ന ഭാവം കുടിയേറി യിരിക്കുന്നു എന്നും! ഇങ്ങനെയുള്ള പ്രത്യേകമായ കാലഘട്ടത്തിലാണ് മതത്തിന് അധഃപതനം ഉണ്ടാകുന്നത്.

ഉദാഹരണത്തിന്, ആഗോളമതമായ ഇസ്ലാം, വിവിധ വിഭാഗങ്ങ ളായി വിഭജിക്കപ്പെട്ടിരിക്കുന്നു. എന്നിരിക്കിലും എല്ലാ മുസൽമാൻമാരും തങ്ങളുടെ മുഖം തിരിക്കുന്നത് ഒരേ ഖിബ്ലയിലേക്കു തന്നെയാണ്. വെള്ളിയാഴ്ചകളിൽ, അവരെല്ലാം പള്ളിയിൽ പോകും, പ്രസംഗം കേൾക്കും, നമസ്ക്കാരം നിർവ്വഹിക്കും. പക്ഷേ, അത് അവരവരുടെ വിഭാഗങ്ങളിലായാരിക്കും എന്നു മാത്രം. പക്ഷേ, ഇസ്ലാമിന്റെ ഷഹാദ യായ ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദ് റസൂലുല്ലാഹ് എന്നകൊടിക്കീ ഴിൽ ഒറ്റക്കെട്ടായി അണിനിരന്ന് തൗഹീദ് (അല്ലാഹുവിന്റെ ഏകത്വം) വിളംബരം ചെയ്യണമെന്ന അല്ലാഹുവിന്റെ കല്പന അവർ മറന്നിരി ക്കുന്നു എന്നു മാത്രം, സാഹചര്യങ്ങൾ ഇങ്ങനെ അധഃപതിക്കാൻ തുട ങ്ങുമ്പോൾ കാര്യങ്ങൾ കൂടുതൽ ഗൗരവമുള്ളതായി മാറുന്നു.

ലോകം ദിനംപ്രതി മാറിക്കൊണ്ടിരിക്കുകയാണ്. എല്ലാ കാര്യ ങ്ങളും ആധുനികവത്ക്കരിക്കപ്പെട്ടിരിക്കുന്നു. എല്ലാ കാര്യങ്ങളും ലളി തമായിരിക്കുന്നു. എല്ലാവരും സുഖലോലുപത ആസ്വദിയ്ക്കുന്നവരായി മാറിയിരിക്കുന്നു. ആർക്കും വലിയ ബദ്ധപ്പാടുകളൊന്നുമില്ല. എല്ലാ വർക്കും എല്ലാ സൗകര്യങ്ങളും സ്വായത്തമായിരിക്കുന്നു. ആശയവി നിമയം പോലും ആധുനികവത്ക്കരിക്കപ്പെട്ടിരിക്കുന്നു. ഇന്റർനെറ്റ്, മൊബൈൽഫോൺ, ടെലിഫോൺ, SMSസർവ്വീസുകൾ, ഇ–മെയിൽ

തുടങ്ങിയവ. ആശയവിനിമയം എളുപ്പമാക്കുന്നു. മുമ്പൊക്കെ ഇത്തരം സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. ദുരദേശങ്ങളിൽ വിവരമറിയിക്കുന്നതിന് ടെലിഗ്രാം പോലെയുള്ള സേവനങ്ങളാണ് ഉണ്ടായിരുന്നത്. അത് കാലദൈർഘ്യം ഏറ്റെടുത്തിരുന്ന ഒരു ആശയവിനിമയ സംവിധാനമായിരുന്നു. ഇപ്പോൾ സ്ഥിതിയൊക്കെ മാറിക്കഴിഞ്ഞു. ഒരു സെക്കന്റിന്റെ ഒരംശത്തിനുള്ളിൽ സന്ദേശം അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തുന്ന അവസ്ഥയായി. അത്രയെളുപ്പമായി മാറി സംഗതികൾ. ഇപ്പോൾ ലോകം പുരോഗതിയുടെ ഔന്നത്യങ്ങളിലെത്തിനില്ക്കുകയാണ്. എല്ലാം ഭൗതികമായ നേട്ടത്തിന്റെ വീക്ഷണകോണിലൂടെ നോക്കിക്കാണുന്ന ഒരു രീതിയിലേക്ക് ലോകത്തിന്റെ കാഴ്ചപ്പാട് ചുരുങ്ങിക്കഴിഞ്ഞു. അല്ലാഹു ഉണ്ട് എന്ന ആത്യന്തിക സത്യം ജനങ്ങൾ മറന്നിരിക്കുന്നു. അവർ ഭൗതീകലക്ഷ്യങ്ങളിൽ തങ്ങളുടെ ചിന്തകളെയും, കണ്ണുകളെയും, ഹൃദയങ്ങളെയും ചേർത്തുപിടിച്ചിരിക്കുന്നു. ഈ ലോകമാണ് തങ്ങളുടെ ഹരം എന്ന് തോന്നിക്കുമാറ്, അവർ ഷിർക്കിലകപ്പെട്ടുപോയിരിക്കുന്നു.

മുമ്പൊള്ള ജീവിതം തികച്ചും വിഭന്നമായിരുന്നു. വിദേശത്തുപോകേണ്ടവർ അന്ന് കപ്പലിലാണ് പോയിരുന്നത്. അവിടെ നിന്നും തന്റെ ബന്ധുക്കൾക്ക് അയയ്ക്കുന്ന കത്ത് ചിലപ്പോൾ മാസങ്ങൾ കഴിഞ്ഞിട്ടാവും നാട്ടിൽ കിട്ടുക. അങ്ങനെ അതാത് മാസങ്ങൾക്കുശേഷമാണ് അവന്റെ ഭാര്യ അവനെപറ്റിയുള്ള വിവരങ്ങൾ അറിയുക. കത്തയച്ചതിനുശേഷം, അത് വീട്ടിൽ കിട്ടുന്നതുവരെയുള്ള കാലയളവിൽ അവന് എന്ത് സംഭവിച്ചു എന്നു വീട്ടുകാർക്ക് ഒരു ഊഹവും കാണില്ല.

ഇപ്പോൾ നമുക്ക് വിമാനങ്ങളായി, SMSസംവിധാനങ്ങളായി ഇ-മെയിൽ ആയി. നിമിഷങ്ങൾക്കുള്ളിൽ കാര്യങ്ങൾ അറിയാം എന്നായി.

മറ്റൊരുദാഹരണം കൂടി,

പണ്ടൊക്കെ അലക്കുകല്ലുകളായിരുന്നു സ്ത്രീകൾ തുണികൾ അലക്കിയിരുന്നത്. അന്ന് സ്ത്രീകൾ നാലഞ്ച് കിലോ തുണികൾ കഴുകിയുണക്കുന്നതിന് എടുത്ത സമയത്തെ, ഇപ്പോൾ വാഷിംഗ് മെഷീനുകൾ ഉപയോഗിച്ച് അരമണിയ്ക്കൂറൊ, ഒരു മണിക്കൂറോ കൊണ്ട് അത്രയും തുണികൾ അലക്കിയുണക്കിയെടുക്കുന്നു.

ഈ ഉദാഹരണങ്ങൾ നല്കിയത്, അല്ലാഹുവിൽ നിന്നുള്ള മുന്നറിയിപ്പുകാരൻ നിയോഗിതനാകുന്നത്, ഒരു സമൂഹത്തിലെ ജനങ്ങൾ സുഖലോലുപതയിലും, ആഡംബരത്തിലും മുഴുകിക്കഴിയുമ്പോഴാണ്,

എന്ന ആശയം പകർന്നു നല്കുവാനായാണ്. അവർ, തങ്ങളുടെ കൈവശമുള്ള മൊബൈൽ ഫോണുകളും, ഇന്റർനെറ്റും, വിമാനങ്ങളും, ടെലിഫോണുകളും, വാഷിംഗ് മെഷീനുകളുമൊക്കെ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങളാണ് എന്ന് തിരിച്ചറിയുന്നില്ല. വീട്ടുജോലികൾക്ക് കുറച്ച് സമയം ചെലവഴിച്ചാൽ മതി ഇപ്പോൾ എന്നതിനാൽ ദുആയ്ക്കും, ദിക്റിനും കൂടുതൽ സമയം ചെലഴിക്കാം എന്നവർ വിചാരിക്കുന്നില്ല. അല്ലാഹു തന്റെ സൃഷ്ടികൾക്കുമേൽ ഭാരം ചുമത്താനിഷ്ടപ്പെടുന്നില്ല. അവൻ ഈ ആഡംബരവസ്തുക്കൾ നമ്മുടെ ഉപയോഗത്തിനായി ലഭ്യമാക്കിയിരിക്കുന്നത് അല്ലാഹു ഉണ്ട് എന്ന് നമ്മെ ബോധ്യപ്പെടുത്തുവാനാണ്. നിർഭാഗ്യവശാൽ ജനങ്ങൾ ഈ ഔദാര്യങ്ങളെ തിരിച്ചറിയുന്നില്ല. അല്ലാഹുവിനെ സ്തുതിക്കുന്നതിനും അവനെ വാഴ്ത്തുന്നതിനും പകരം അല്ലാഹുവിൽ നിന്നും അവർ അകന്നുപോയിരിക്കുന്നു. ഏകനായ അല്ലാഹുവിനെ അല്ലാതെ മറ്റുള്ളവയെ പ്രാർത്ഥിയ്ക്കുന്നു. അതിനാലാണ് ഈ കാലഘട്ടത്തെ അജ്ഞതയുടെ യുഗം എന്ന് വിളിയ്ക്കുന്നത്-

അങ്ങേയറ്റം ഔദാര്യവാനായ അല്ലാഹു നമുക്ക് വേണ്ടതെല്ലാം നല്കിയിരിക്കുന്നു. അങ്ങനെ നമ്മുടെ ജീവിതം അവൻ സുഖപ്രദമാക്കി. പക്ഷേ, നിർഭാഗ്യവശാൽ നാം അവനോട് നന്ദിപ്രകടിപ്പിക്കുന്നില്ല.

അതിനാലാണ് 1428 വർഷങ്ങൾക്കു മുമ്പ് അല്ലാഹു(ത) മനുഷ്യരാശിക്ക് അവന്റെ പ്രിയങ്കരനായ മുഹമ്മദ് നബി(സ)ക്ക് വെളിപാടുകളിലൂടെ വെളുപ്പെടുത്തി നല്കിയത്, ഇപ്പോഴും ഏതാണ്ട്, അതേ അവസ്ഥ ജനങ്ങളിൽ ഉണ്ടായിരിക്കുകയാണ്. വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നതുപോലെ ജനങ്ങൾ സുഖലോലുപതയിൽ തന്നെ കഴിയുകയാണ് ഇപ്പോൾ. വിശുദ്ധഖുർആൻ കണെക്കെടുപ്പുനാൾ വരെ നിലനില്ക്കുമെന്ന് പറയുന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഇതാണ്. അല്ലാഹു വെളിപാടുകളുമായി ഒരു ദൂതനെ നിയോഗിക്കുമ്പോഴാണ് ഇതുണ്ടാകുന്നത്.

പണ്ടുകാലത്തും പുരോഗതികൾ ഉണ്ടായിട്ടുണ്ട്. അന്നും ജനങ്ങൾ ആഡംബരതയിൽ മുഴുകിയപ്പോൾ അധഃപതനങ്ങളുമുണ്ടായിട്ടുണ്ട്. ഓരോ നൂറ്റാണ്ടിലും ഇങ്ങനെ സംഭവിക്കുമ്പോൾ അല്ലാഹു തന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതന്മാരെ ഭൂമിയിലേക്ക് നിയോഗിക്കുകയും ചെയ്യുന്നു. മനുഷ്യരാശിക്ക് മുന്നറിയിപ്പു നല്കുന്നതിനും, അവരെ നേർമാർഗ്ഗത്തിൽ നയിക്കുന്നതിനും, അങ്ങനെ അവർ ഏക

ദൈവത്തെ മാത്രം സ്തുതിക്കുകയും, വാഴ്ത്തുകയും ചെയ്യുന്നതിനായി അല്ലാഹു അവരുടെ ഇടയിലേക്ക് ഒരു ദൂതനെ അയയ്ക്കുന്നു. ദൂതനെ അങ്ങനെ മുന്നറിയിപ്പു നല്കാനായി അയച്ചിട്ടല്ലാതെ, ഒരിയ്ക്കലും അല്ലാഹു ആ സമൂഹത്തെ ശിക്ഷയ്ക്കു വിധേയമാക്കില്ല.

അല്ലാഹു അവർക്ക് പശ്ചാത്തപിച്ച് മടങ്ങാനും, അങ്ങനെ സ്വയം പരിഷ്കരിക്കുവാനും, അതുവഴി ജീവിതത്തിൽ മാറ്റം ഉണ്ടാക്കുവാനുമുള്ള അവസരം നല്കുന്നു. അങ്ങനെ തിന്മയ്ക്കെതിരിൽ നന്മ വിജയിക്കുന്നതിനും, അതുവഴി യഥാർത്ഥ ഇസ്ലാം പുനഃസ്ഥാപിയ്ക്കപ്പെടുവാനും വേണ്ടി. ഇങ്ങനെ അല്ലാഹുവിനായി സ്വയം സമർപ്പിക്കുവാൻ സന്നദ്ധനായി ഒരാൾ മാറുന്ന ഈ അവസ്ഥയിൽ, അവൻ സ്വമേധയാ അവന്റെ ആഢംബരജീവിതത്തിൽ നിന്നൊഴിഞ്ഞു മാറുകയും, ഈമാനും തഖ്‌വയും (ദൈവിശ്വാസവും, ദൈവഭയവും) അവനിൽ സന്നിവേശിപ്പിക്കുകയും ചെയ്യും.

അല്ലാഹുവിനാൽ തെരെഞ്ഞെടുത്ത് നിയോഗിതനാക്കിയ ദൂതന്റെ സന്ദേശം എല്ലാവരും തിരിച്ചറിയില്ല. അവരിൽ ഭൂരിഭാഗവും അദ്ദേഹത്തെ പീഡിപ്പിക്കുകയും, അദ്ദേഹത്തിന്റെ സന്ദേശത്തെ തിരസ്കരിക്കുകയും ചെയ്യും.

അതുകൊണ്ടാണ് മുകളിലെ 23-ാം വചനത്തിൽ അല്ലാഹു(ത) തിരുനബി(സ)യ്ക്ക് വ്യക്തമാക്കിക്കൊടുത്തത് താങ്കൾ നിയോഗിക്കപ്പെടുന്നതിന് മുമ്പുള്ള കാലഘട്ടങ്ങളിലും ഇതുതന്നെ സംഭവിച്ചിരുന്നു. അവരെ സമുദ്ധരിക്കുവാനായി ഞാനും എന്റെ മാലാഖമാരും അവരിലേക്ക് ഒരു ദൂതനെ (മുന്നറിയിപ്പുകാരനെ) നിയോഗിച്ചപ്പോൾ അവർ ധിക്കാരത്തോടെ ഭക്തിയില്ലാതെ, സുഖലോലുപതയിൽ മുഴുകിക്കഴിഞ്ഞു.

തിരുനബി(സ) തന്നെ, താനവരുടെ പരിഷ്കർത്താവാണ്, എന്നവരോട് പറഞ്ഞവേളയിൽ അവർ അദ്ദേഹത്തെ കളിയാക്കി, സത്യത്തെ നിഷേധിച്ചുകൊണ്ട് അദ്ദേഹത്തോട് പറഞ്ഞു ഞങ്ങളുടെ പൂർവ്വപിതാക്കൾ പിന്തുടർന്ന പാതയിലൂടെ മാത്രമേ ഞങ്ങൾ സഞ്ചരിക്കുകയുള്ളു എന്നത്രേ.

അതായത്, അവർ അവരുടെ മുൻതലമുറ ചെയ്തിരുന്നതേ ചെയ്യുകയുള്ളൂ. അവർക്ക് സത്യം തിരിച്ചറിയണമെന്നേയില്ല. അവർ അന്ധമായ ഒരു വിശ്വാസത്തിന്റെ പിന്നാലെയായിരുന്നു, അവർക്ക് തങ്ങളുടെ പൂർവ്വപിതാക്കൾ ചെയ്തിരുന്നത് ശരിതന്നെ ആയിരുന്നുവോ

എന്ന് ചിന്തിക്കാനൊന്നും ഒരു താത്പര്യവും ഉണ്ടായിരുന്നില്ല.

അതിനേക്കാളുപരി ഒരു ദൂതൻ അവരിലേക്ക് നിയോഗിതനാവുമ്പോൾ, അദ്ദേഹത്തെ പിന്തുടരാതിരിക്കുക മാത്രമല്ല, അദ്ദേഹത്തിനെതിരേ ആരോപണങ്ങൾ ഉയർത്തുകയും ചെയ്യുകയാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. തങ്ങളുടെ സുഖസമൃദ്ധമായ ജീവിതത്തിന് വിലങ്ങിടാനാണ് ഇദ്ദേഹം വന്നിരിക്കുന്നത്, എന്നവർ പറയുകയും ചെയ്യും. അവരോട് നമസ്ക്കരിയ്ക്കുവാനും, ഖുർആൻ പാരായണം ചെയ്യുവാനും ശിർക്കിൽ നിന്നൊഴിഞ്ഞു നില്ക്കുവാനും, അല്ലാഹുവിലും അവന്റെ പ്രവാചകനിലും വിശ്വസിക്കുവാനും പറയുന്നതൊന്നും അവർക്ക് രുചിയ്ക്കുന്നില്ല.

പകരം അവർ പറഞ്ഞുണ്ടാക്കുന്നത് ഈ ദൈവദൂതൻ കുഴപ്പമുണ്ടാക്കാൻ വന്നവനാണ് എന്നത്രേ. അവർ അദ്ദേഹത്തെ വെറുക്കുകയും, സ്വർഗ്ഗീയ കവാടങ്ങളുടെ താക്കോൽ തങ്ങളുടെ കൈവശമാണെന്ന് തെറ്റായി ധരിക്കുകയും ചെയ്യുന്നു. എന്നാൽ അവർ വ്യക്തമായ വഴികേടിലാണെന്ന് അല്ലാഹു വ്യക്തമാക്കുന്നു. അവർ അജ്ഞതയാകുന്ന അന്ധകാരത്തിൽ മുങ്ങാംകുഴിയിട്ടുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്.

അവർ പരിഹസിച്ചുകൊണ്ടിരുന്ന സ്ഥിതിയിലല്ലാതെ ഒരു പ്രവാചകനും അവരുടെ അടുത്ത് ചെല്ലാറുണ്ടായിരുന്നില്ല.

ഈ ആയത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്ന വസ്തുത, ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പ് കാലം മുതൽതന്നെ, മനുഷ്യന്റെ ജീവിതത്തിനുവേണ്ട വിഭവങ്ങൾ–വായു, വെള്ളം, സൂര്യപ്രകാശം, ചന്ദ്രൻ, നക്ഷത്രങ്ങൾ, സസ്യജന്തുജാലങ്ങൾ തുടങ്ങിയവ എല്ലാം തന്നെ–അല്ലാഹു ഒരുക്കി നല്കിയിരുന്നു. അതുപോലെ തന്നെ അവർക്ക് മാർഗ്ഗദർശനം നല്കുന്നതിനും, അവരെ ഏകദൈവ വിശ്വാസത്തിലേക്ക് നയിക്കുന്നതിനായി അവരിലേക്കു മുന്നറിയിപ്പുകാരനെ അയയ്ക്കുകയും ചെയ്തു.

അല്ലാഹു നമ്മെ കളങ്കമില്ലാത്ത, പരിശുദ്ധരായാണ് സൃഷ്ടിച്ചത്. അവനിലേക്ക് നിഷ്ക്കളങ്കരായി പരിശുദ്ധരായി തന്നെ മടങ്ങച്ചെല്ലുവാനായി.

ഉദാഹരണമായി, ഒരു മാതാവിനെ നോക്കൂ, അവർ എത്ര സൂക്ഷ്മതയോടെയാണ് തന്റെ കുഞ്ഞിന്റെ കാര്യങ്ങൾ നോക്കി നടത്തുന്നത്. അവൻ/അവൾ സ്ക്കൂളിൽ പോകും മുമ്പേ അവന് നല്ല വസ്ത്രങ്ങ

ളും, ഷൂസും, സോക്സും, സ്കൂളിലേക്കാവശ്യമായ പുസത്കങ്ങളും വച്ച സ്കൂൾബാഗും, ലഞ്ച്കിറ്റും ഒക്കെ തയ്യാറാക്കി നല്കിവിടുന്നു. പക്ഷേ, തിരികെ വരുമ്പോൾ അവൻ എങ്ങനെയാണ് വരിക? അവന്റെ ശരീരം നിറയെ അഴുക്കും ചെളിയും പിടിച്ച്, പുസ്തകളൊക്കെ മുഷിഞ്ഞ്, ബുക്കിലെ പേപ്പറുകൾ കീറിപ്പറിഞ്ഞ്, രാവിലെ കൊണ്ടുപോയ പലസാധനങ്ങളും ഇല്ലാതെ ആയിരിക്കും മടങ്ങിവരിക. ചുരുക്കിപ്പറഞ്ഞാൽ അവൻ രാവിലെ സ്കൂളിലേക്ക് പോയ പടിയല്ല അവന്റെ വൈകിട്ടത്തെ തിരിച്ചുവരവ്. ഇതുകാണുന്ന അവന്റെ ഉമ്മയ്ക്ക് സ്വയം നിയന്ത്രണം ഇല്ലാതെ വരികയും, ദേഷ്യം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇതിന് കാരണമെന്താണ്?

കാരണം ആ മാതാവ്, ആ കുട്ടിയ്ക്കുവേണ്ടി ഒരുപാട് സഹിക്കുകയും, ക്ഷമിക്കുകയും ചെയ്തതാണ് എന്നതുതന്നെ. അവനെ പരിപാലിക്കുവാനും, അവനു വേണ്ടതൊക്കെ ശരിയാക്കി നല്കാനുമെല്ലാം. അതുകൊണ്ടാണ്, ഇത്രയധികം ശ്രദ്ധചെലുത്തി, അവനെ ഉപദേശിച്ച്, പറഞ്ഞുകൊടുത്ത് പരിപാലിച്ചിട്ടും അതിന്റെ പ്രയോജനം കിട്ടാതെ അവൻ അലസനായി വന്നപ്പോൾ അവർക്ക് (മാതാക്കൾക്ക്) സ്വയം നിയന്ത്രണം വിട്ടുപോകുന്നത്. ഇത്രയൊക്കെ വേദമോതിയിട്ടും, ആ കുഞ്ഞ് ഒന്നും തന്നെ സ്വായത്തമാക്കിയില്ല. അപ്പോൾ അവൾ ഒരു വടിയെടുത്ത് അവനെ അനുസരിപ്പിക്കുന്നതിനായി അവനെ അടിക്കുന്നു. ഇതുതന്നെയാണ് അല്ലാഹു നമ്മുടെ കാര്യത്തിലും അനുവർത്തിക്കുന്നത്, അല്ലാഹു നമ്മുടെ ആത്മാക്കളെ പരിശുദ്ധരായും, പവിത്രരായുമാണ് സൃഷ്ടിച്ചത്. അപ്പോൾ നമ്മൾ അങ്ങനെ തന്നെ, പരിശുദ്ധരായി, തെറ്റുചെയ്യാതെ, അവനെ മാത്രം ആരാധിച്ച് അവനിലേക്ക് മടങ്ങിച്ചെല്ലണമെന്ന് അവൻ ആഗ്രഹിക്കുന്നു. നമ്മുടെ ആത്മാവ് മറ്റാരുടേയും സ്വന്തമല്ല. അല്ലാഹുവിന്റെ അമാനത്ത് ആണ് അത്.

നാം മറ്റാരിൽ നിന്നു എന്തുസ്വീകരിച്ചാലും അത് നശിപ്പിക്കാതെ തിരികെക്കൊടുക്കേണ്ടതുമാണ്. നമ്മുടെ ആത്മാവിന്റെ കാര്യത്തിലും അത് ബാധകമാണ്. അല്ലാഹു നമുക്ക് ഒരു ആത്മാവും ഒരു ശരീരവും സമ്മാനിച്ചിരിക്കുന്നു. അതിന് ഒരു കേടുംവരുത്താതെ തിരിച്ചു നല്കേണ്ടത് നമ്മുടെ ബാധ്യതയാണ്. ഈ ശരീരം ഈ ലോകത്തു മാത്രം ഉപയോഗിക്കുവാനുള്ളതാണ്. അതിനാൽ അത് സദാ ശുചിയാക്കി, നല്ല വസ്ത്രം ധരിച്ച്, നല്ല പെരുമാറ്റം ശീലിച്ച് സൂക്ഷി

ക്കേണ്ടതാണ്.

നമ്മുടെ ആത്മാവിനെയും നാം പരിശുദ്ധമാക്കി വെക്കണം. അതെ ങ്ങനെയെന്നു ചോദിച്ചാൽ നമസ്ക്കാരത്തിലൂടെ, ഖുർആൻ പാരാ യണം ചെയ്യുന്നതിലൂടെ; കാരണം അല്ലാഹുവിന്റെ കല്പനകളെന്തൊ ക്കെയാണ് എന്ന് നമുക്കറിയാൻ സാധിക്കും. ഇങ്ങനെയുള്ള കാര്യ ങ്ങൾ ആത്മാവിനെ പരിപോഷിപ്പിക്കുന്നു. അതിനാലാണ് നാം നമ്മുടെ ശരീരവും ആത്മാവും പരിപോഷിപ്പിച്ച് സൂക്ഷിയ്ക്കണമെന്നും, എങ്കിൽ മാത്രമേ നല്ല മെച്ചപ്പെട്ട ഒരു ജീവിതത്തിന് സാധ്യമാവുക യുള്ളൂ എന്നും പറയുന്നത്.

ശരീരശുദ്ധി അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. കാരണം അത് മനഃശുദ്ധിയിലേക്ക് നയിക്കുന്നു. ആധുനിക കാലഘട്ടത്തിൽ സ്ത്രീകളും പെൺകുട്ടികളും ഫാഷന്റെ പേരിൽ നഖങ്ങൾ നീട്ടി വളർത്തുന്നത് കാണാറുണ്ടല്ലോ? കണക്കെടുപ്പു നാളിൽ എന്തു സംഭ വിക്കുമെന്നറിയാമോ? അവ നിങ്ങളെ മാന്തിക്കീറും-നഖങ്ങൾ നീട്ടി വളർത്തുന്നത് വിലക്കിയിരിക്കുന്നു. കാരണം അവയ്ക്കിടയിൽ സൂക്ഷ്മജീവികൾ കയറിയിരിക്കുകയും ആരോഗ്യത്തെ ഹാനികരമായി ബാധി ക്കുകയും ചെയ്യും. നിങ്ങൾ അല്ലാഹുവിനേയും അവന്റെ പ്രവാചക നേയും സ്നേഹിക്കുന്നുണ്ട് എങ്കിൽ അവന്റെ എല്ലാ കല്പനകളും നിങ്ങൾ അനുസരിച്ചേ പറ്റൂ. അല്ലാഹുവിന്റെ മുന്നിൽ, അവൻ നമുക്ക് നല്കിയ അമാനത്ത്, കണക്കെടുപ്പിനായി, ഒരുനാൾ ഹാജരാ ക്കേണ്ടതിനാൽ, അതിനെ ശുദ്ധിയോടെയും, പവിത്രമായും, കേടു കൂടാതെയും, സൂക്ഷിക്കേണ്ടതാണ്.

സൂറാ അസ്സജദയിൽ അല്ലാഹു, മനുഷ്യസൃഷ്ടിപ്പിനെപറ്റി വിശദ മാക്കിക്കൊണ്ട് ഇപ്രകാരം പറഞ്ഞിരിക്കുന്നു. മനുഷ്യനെ സൃഷ്ടി ച്ചത് കളിമണ്ണും, നിസ്സാരമായ ഒരു ദ്രവവസ്തുവും ഉപയോഗിച്ചാണ്. ഈ ദ്രവവസ്തുവിൽ നിന്നും, നമ്മുടെ ശരീരത്തിന് രൂപവും, ഭാവവും നല്കി, വളർച്ച നല്കി, പിന്നീട് അവൻ അവന്റെ ചൈതന്യത്തിൽ നിന്നും നമ്മിലേക്ക് ഊതി (സന്നിവേശിപ്പിച്ചു) അതായത് അവൻ നമുക്ക് ഒരാത്മാവിനെ സമ്മാനിച്ചു. ഈ ആത്മാവിനെ ഒരിയ്ക്കലും ക്ഷീണമോ, ഉറക്കമോ, മരണമോ ബാധിക്കില്ല. നമ്മുടെ ശരീരത്തി നാവശ്യമുള്ളതുപോലെ അതിന് ഭക്ഷണം ആവശ്യമേയില്ല. പക്ഷേ, സമയാസമയങ്ങളിൽ ആത്മീയമൂല്യങ്ങൾ പകർന്നുനല്കേ ണ്ടതുണ്ട്. അത് ലഭ്യമാകാതെ വരുമ്പോൾ, ആഹാരം കിട്ടാതെ

വരുന്ന ശരീരം പ്രതികരിക്കുംമാതിരി, ഇതും അപകടകരമായി പ്രതികരിയ്ക്കും! അല്ലാഹുവിന് ഇഷ്ടപ്പെടാത്ത കാര്യങ്ങൾ ശരീരത്തെകൊണ്ട് ചെയ്യാൻ ആരംഭിക്കും. ആത്മാവ്, ആത്മീയതയിൽ നിന്നും എത്ര ദൂരപ്പെടുന്നുവോ, അത്രമാത്രം നമ്മുടെ ശരീരം ഭൗതീകതയുമായി അലിഞ്ഞുചേരുന്നു.

മുഹമ്മദ് നബി(സ)യ്ക്കു മുമ്പു വന്ന പ്രവാചകരായ നൂഹ് നബി (അ) മൂസാനബി(സ)തുടങ്ങിയവരുടെ ഭരണകാലത്തിലുടനീളം, ധൂർത്തും, ആഡംബരഭ്രമങ്ങളും നിറഞ്ഞജനതയെ കാണാം.

അതിനാലാണ് അല്ലാഹു നമുക്ക് നല്കിയ രണ്ട് അമാനത്തുകളെ പരിഷ്ക്കരിയ്ക്കുന്നതിനും, ശുദ്ധീകരിക്കുന്നതിനും വേണ്ടി, അവൻ കാലാകാലങ്ങളിൽ ദൂതന്മാരെ (മുന്നറിയിപ്പുക്കാരെ) അയച്ചുകൊണ്ടിരിക്കുന്നത്. ദൂതന്മാർ വരുന്നത് ജനങ്ങൾക്ക് മാർഗദർശനം നൽകുക, വിശുദ്ധഖുർആനിലൂടെ അല്ലാഹു നല്കിയ കല്പനകൾ-ജനങ്ങളിൽ എത്തിക്കുക.എന്നീ ലക്ഷ്യങ്ങളോടെയാണ്. ഇത് സ്കൂളിൽ പഠിയ്ക്കുന്ന കുട്ടിയുടെ ഓർമ്മശക്തി ഉറപ്പിക്കുന്നതുപോലെ, നമുക്ക് അല്ലാഹു വിശുദ്ധഖുർആനിലൂടെ പഠിപ്പിച്ചുതന്നിരിക്കുന്ന കല്പനകളൊക്കെ, ജീവിതത്തിൽ ആവർത്തിച്ചുറപ്പിക്കേണ്ടതുണ്ട്, എങ്കിൽ മാത്രമേ കണക്കെടുപ്പുനാളിൽ നമുക്ക് പരീക്ഷണത്തെ ജയിച്ച്-പരീക്ഷ പാസാകാൻ-സാധിക്കൂ. അങ്ങനെ ആ ഫൈനൽ പരീക്ഷയ്ക്കു നമ്മെ തയ്യാറാക്കുവാൻ, മാർഗ്ഗദർശനം നല്കുവാൻ, അവ ആവർത്തിച്ച് ഉറപ്പിക്കാൻ നമുക്ക് മാർഗ്ഗദർശകർ (ദൂതർ)വേണം.

അല്ലാഹുവിന്റെ കല്പനകളെ അക്ഷരംപ്രതി പാലിക്കുന്നവർക്ക് അഭിനന്ദനങ്ങൾ! തീർച്ചയായും, അവർ അല്ലാഹുവിലേക്ക് മടങ്ങിച്ചെല്ലുമ്പോൾ, തീർച്ചയായും അവരുടെ ശരീരവും, ആത്മാവും പവിത്രമാക്കപ്പെട്ട നിലയിലായിരിക്കും.

പ്രിയ സഹോദരന്മാരെ, സഹോദരിമാരെ ഞാനിന്ന് നിങ്ങളുടെ ശ്രദ്ധയെ ഇനി പറയുന്ന കാര്യത്തിലേക്കു ക്ഷണിയ്ക്കുകയാണ്. പരദൂഷണം, അസൂയ, വിദ്വേഷം, പരസ്പരമുള്ള വെറുപ്പ്, മോഷണം തുടങ്ങിയവ അല്ലാഹു അങ്ങേയറ്റം വെറുക്കുന്ന ചീത്തശീലങ്ങളാണ്. ഈ തെറ്റുകളെ-പാപങ്ങളെ ജീവിതത്തിൽ നിന്നും അകറ്റി നിർത്തുന്നവർ അല്ലാഹുവിന്റെ ദൃഷ്ടികളിൽ പ്രിയപ്പെട്ടവർ ആയി മാറും. തെറ്റുകളെ അകറ്റി നിർത്തുമ്പോൾ നമുക്ക് തന്നെ സ്വയം ഒരു സംതൃപ്തി അനുഭവിക്കാനും നമ്മുടെ സ്രഷ്ടാവിന്റെ സന്നിധിയിലേക്ക് പോകാൻ മനസ്സുള്ളവരും ആയി മാറും. അതായത് ഭയമോ

വൈഷമ്യമോ കൂടാതെ അല്ലാഹുവിന്റെ സന്നിധിയിലേക്ക് പോകാൻ നാം സന്നദ്ധരായി മാറും. നമ്മുടെ ശരീരം മണ്ണിൽ ആറടി താഴ്ചയിൽ അടക്കം ചെയ്യപ്പെടും. ആത്മാവ് മാത്രമാണ് അല്ലാഹുവിന്റെ സന്നിധിയിലേക്ക് പോവുക. ശരീരം അതിന്റെ ആദ്യത്തെ രൂപത്തിലേക്ക് മാറും. അതായത് കളിമണ്ണായി മാറും.

അല്ലാഹുവിന്റെ ദൂതനെ അംഗീകരിക്കുന്നവർ ഭാഗ്യവാന്മാരാണ്. അതേസമയം, നിർഭാഗ്യമെന്നു പറയട്ടെ, അല്ലാഹുവിന്റെ ദൂതനെ നിരാകരിച്ചവരാകട്ടെ അവർക്ക് പാരത്രിക ലോകത്ത് ജീവിതം കഷ്ടതയും ബദ്ധപ്പാടുകളും നിറഞ്ഞതായിരിക്കും.

എല്ലാവരും അല്ലാഹുവിന്റെ ദൂതനെ അംഗീകരിയ്ക്കണമെന്നില്ല. എല്ലാകാലത്തും അവർ അല്ലാഹുവിന്റെ ദൂതന്മാരെ മോശപ്പെടുത്തുകയും, പരിഹസിക്കുകയും, അവർക്കെതിരിൽ ആരോപണങ്ങൾ ഉന്നയിക്കുകയും, ഭ്രാന്തൻ എന്നുവിളിച്ചാക്ഷേപിക്കുകയും ഒക്കെ ചെയ്തിരുന്നു. തങ്ങളുടെ ആഡംബരത, സുഖലോലുപത ഇവയ്ക്ക് തടസ്സം നില്ക്കുന്ന അദ്ദേഹത്തെ ഇല്ലാതാക്കാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ കല്പനകൾ പിന്തുടരുണമെന്നു പറയുന്നതിനും, അവർക്ക് മാർഗ്ഗദർശനം നല്കുന്നതിനും വേണ്ടിയാണ് അല്ലാഹുവിന്റെ ദൂതൻ അവരിലേക്ക് കടന്നുവന്നത്. അതിനദ്ദേഹത്തിന് ആരും ശമ്പളമൊന്നും നല്കുന്നുമില്ല

പക്ഷേ, കഷ്ടമെന്നല്ലാതെ എന്തുപറയാൻ! ഇങ്ങനെയുള്ള ദൈവദൂതനെ നാട്ടിൽ നിന്നും അടിച്ചോടിയ്ക്കാനും, പീഢിപ്പിക്കാനും ആണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അല്ലാഹു തന്റെ പ്രവാചകനെ ഒരിയ്ക്കലും കൈവിടില്ല. അദ്ദേഹത്തിന്റെ ദൗത്യം അവസാനിക്കുന്നതുവരെ അല്ലാഹു അദ്ദേഹത്തെ സംരക്ഷിച്ചുകൊള്ളും. അതിനാൽ ഇവരെക്കാൾ കൂടുതൽ ശക്തരായ (അവരെ) നാം നശിപ്പിച്ചു. ആ പൂർവ്വികരുടെ മാതൃക കഴിഞ്ഞുകടന്നിട്ടുണ്ട്.

അല്ലാഹുവിന്റെ ദൂതന്മാരോട്, അവിശ്വാസികൾ പെരുമാറിയിരുന്നതെങ്ങനെയാണ് എന്ന്, അല്ലാഹു പറഞ്ഞുതന്നിട്ട്, ഈ വചനങ്ങളിലെ പാഠം ഉൾക്കൊള്ളുവാൻ നമ്മോട് ആവശ്യപ്പെടുകയാണ് എന്നാണ് നാം ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. അല്ലാഹുവിന്റെ ദൂതനെ ഇകഴ്ത്തുകയും, പീഢിപ്പിക്കുകയും, അദ്ദേഹത്തോട് മോശമായി പെരുമാറുകയും ചെയ്തവരുടെ കൂട്ടത്തിൽ (ഗണത്തിൽ) നിന്നും നമുക്ക് ഒഴികഴിവുകൾ ഒന്നുമില്ല. അല്ലാഹു തന്റെ പ്രിയപ്പെട്ടവരെ


ഒരവസരത്തിലും കൈവിടുകയില്ല. അങ്ങനെ തന്റെ ദൂതനോട് മോശമായി പെരുമാറിയ സമൂഹത്തെ അല്ലാഹു തന്റെ കോപാഗ്നിയാൽ ശിക്ഷിച്ചു. കാർന്നുതിന്നുന്ന അല്ലാഹുവിന്റെ കോപത്തെ തടുത്ത് അവരെ രക്ഷിക്കുവാൻ അവരുടെ പണമോ, പ്രതാപമോ ഒന്നും സഹായിച്ചതേയില്ല.

അല്ലാഹു അതിശക്തനാകുന്നു. എല്ലാറ്റിനും കഴിവുള്ള സർവ്വാധികാരിയായ നാഥൻ! ഒരു നിമിഷത്തിന്റെ അല്പം സമയത്തിനുള്ളിൽ ഏതു സമൂഹത്തേയും, ജനതയേയും, ഏതുരാജ്യത്തേയും ഇല്ലാതാക്കാൻ ശേഷിയുള്ള ആൾ.

അല്ലാഹുവിന്റെ പ്രവാചകനെ സ്വീകരിച്ചവർ ഇരുലോകത്തും അങ്ങേയറ്റം സന്തോഷവാന്മാരും, ഭാഗ്യം ചെയ്തവരുമാകുന്നു. എന്നാൽ അദ്ദേഹത്തെ നിരാകരിച്ചവരുടെ കാര്യം എത്രപരിതാപകരം.

യാതൊരുവിധ അലവൻസുകളോ, ശമ്പളമോ കൂടാതെ ജനങ്ങൾക്ക് മുന്നറിയിപ്പു നല്കാനും, മാർഗ്ഗദർശനം നല്കാനും, അവരെ സഹായിക്കാനും, അവരെ ഉപദേശിക്കുവാനും വേണ്ടി വന്ന ആളാണ് അല്ലാഹുവിന്റെ ദൂതൻ. ഭൗതീകമായ ഒരു നേട്ടവും ലക്ഷ്യമാക്കി നിയോഗിതരാവുന്നവരല്ല അല്ലാഹുവിന്റെ ദൂതൻമാർ. തന്റെ റബ്ബിന്റ കല്പനകളും നിർദ്ദേശങ്ങളും മാത്രം അനുസരിച്ച് ജനങ്ങളെ ഏകദൈവ വിശ്വാസത്തിലേക്ക് തിരികെ വിളിക്കുവാൻ ശ്രമിയ്ക്കുകയാണ് അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്നത്. നിശ്ചയമായും അല്ലാഹു അങ്ങേയറ്റം ഔദാര്യവാനും, മഹോന്നതനുമാകുന്നു.

സുബ്ഹാനല്ലാഹ്! അൽഹംദുലില്ലാഹ് ! അല്ലാഹു അക്ബർ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*